
# കിട്ടുപ്പട്ടിയുടെ സൂത്രം

■ തമ്പാൻ തായിനേരി



പുന്നാരക്കാട്ടിലായിരുന്നു പാണ്ടിക്കുറുക്കന്റെ വാസം. വയറു വിശക്കുമ്പോൾ അവൻ കാട്ടിൽനിന്നും ഇറങ്ങും. നേരെ വരുന്നത് പുള്ളിക്കോഴിയമ്മയും മക്കളും താമസിക്കുന്ന ചിന്നയ്യന്റെ വീട്ടിലേക്കാണ്. ഭദ്രമല്ലാത്ത കൂട്ടിലാണ് കോഴിയമ്മയും മക്കളും കഴിയുന്നത്. രണ്ടു രാത്രികൾകൊണ്ട് പുള്ളിക്കോഴിയമ്മയുടെ മൂന്ന് മക്കളെയാണ് പാണ്ടി അകത്താക്കിയത്. ആ ദുഷ്ടന്റെ അക്രമം ഇനിയും തുടരുമെന്നു തീർച്ചയാണ്.

പാണ്ടിയുടെ ഉപ്രദവം എങ്ങനെയെങ്കിലും അവസാനിപ്പിക്കണം. സങ്കടം മുരുകയ്യന്റെ കിട്ടുപ്പട്ടിയോടു പറയുക തന്നെ. അവൻ ഒരു മാർഗം കാണാതിരിക്കില്ല. എങ്ങനെ പറയും? കുറച്ചുകാലമായി കിട്ടുപ്പട്ടിയോട് ശ്രതുതയിലാണല്ലോ. ഒരിക്കൽ മക്കളെയും കൂട്ടി

മൈസൂർ നഗരത്തിന്റെ ശിൽപി– എം വിശേശ്വരയ്യ

മുരുകയ്യന്റെ പറമ്പിൽ മേയാൻ പോയതാണ്. കിട്ടു കുരച്ചുകൊണ്ട് ഒരോട്ടമായിരുന്നു. അന്യന്റെ പറമ്പിൽ കോഴിക്കും മക്കൾക്കും എന്താ കാര്യം.. ഓടിക്കോ. പിന്നീട് കിട്ടുവിനോട് ലോഹ്യം കൂടാൻ പോകാറില്ല.

ആപത്തുവരുമ്പോൾ ശ്രതുക്കളെയും മിത്രങ്ങളാക്കണം. പുള്ളിക്കോഴിയമ്മ നേരെ കിട്ടുവിന്റെ അടുക്കൽ പോയി. "എന്താ കോഴിയമ്മേ വിശേഷം?! എന്നോടുള്ള ശത്രുതയൊക്കെ മറന്നോ".. "ആപത്തു വരുമ്പോ എന്തു ശ്രതു കിട്ടുച്ചേട്ടാ.." അല്ലെങ്കിലും കുറ്റം എന്റെ ഭാഗത്താ.. കിട്ടുവിന്റെ ഭാഗത്ത് ഒരു കുറ്റവുമില്ല. ഉണ്ട ചോറിനു നന്ദികാട്ടി, അത്രയേ ഉള്ളൂ."

"ഓ അതൊക്കെ ഞാൻ മറന്നു. ഇപ്പോ എന്തിനാ വന്നത്?"

"ഒരു സഹായം ചോദിക്കാനാ... എനിക്കും മക്കൾക്കും സമാധാനത്തോടെ ജീവിക്കണം. ഇക്കണക്കിനു പോയാൽ ഞങ്ങളുടെ കുടുംബം തന്നെ ഇല്ലാതാകും."

"തെളിച്ചുപറഞ്ഞാളൂ.. എന്താ സംഭവിച്ചത്..."

"ഞങ്ങൾ ആപത്തിൽ പെട്ടിരിക്കുന്നു. ആ പാണ്ടിക്കുറുക്കനെകൊണ്ട് ഞങ്ങൾ പൊറുതിമുട്ടി. എന്റെ മൂന്ന് പൊന്നു മക്കളെയാ ആ പാണ്ടി അകത്താക്കിയത്. എങ്ങനെയങ്കിലും അവന്റെ കഥ തീർക്കണം."

കിട്ടുപ്പട്ടി എന്തോ ആലോചിച്ചു. ഏതായാലും ഇന്നു രാത്രി തന്നെ അവന്റെ കഥ കഴിക്കുന്ന കാര്യം ഏറ്റു. സന്ധ്യക്ക് ചിന്നയ്യന്റെ കിണറിന്റെ സമീപത്തേക്ക് വന്നോളൂ. ബാക്കി കാര്യം അപ്പോൾ വിശദീകരിക്കാം." സന്ധ്യയോടെ കോഴിയമ്മയും മക്കളും കിണറിന്റെ അരികിലെത്തി. "അമ്മേ... അമ്മ. ഞങ്ങളെയും കൂട്ടി കിണറിൽ ചാടി ചാവാനുള്ള പരിപാടിയാണോ.." കോഴിയമ്മയുടെ മക്കൾ നിലവിളിച്ചു. "അല്ല മക്കളേ, ജീവിക്കാൻ വേണ്ടിയാ..."

അതാ വരുന്നു തലയും വാലും കുലുക്കി കിട്ടുപ്പട്ടി. അവൻ സംഗതി വിശദീകരിച്ചു. "കോഴിയമ്മേ, ആ ദുഷ്ടൻ വരുന്ന സമയമായി. നേരം ഇരുട്ടുമ്പോൾ ഇങ്ങെത്തും. സംഗതിയൊക്കെ റെഡി. കിണറിന്റെ മുകളിൽ ഞാൻ ഒരു വല വിരിച്ചിട്ടുണ്ട്. വലയുടെ ഒരു ഭാഗത്ത് മുളംകമ്പുവെച്ചിട്ടുണ്ട്. മക്കളെയും കൂട്ടി മുളംകമ്പിൽ കയറി നിന്നോളൂ.. പാണ്ടി വരുമ്പോൾ എല്ലാവരും കൂടി ഒരു നിലവിളി.

പിന്നെയാണ് കാണാൻ പോകുന്ന പൂരം". "സൂത്രം ഫലിക്കുമോ ചേട്ടാ.. "എന്താ ഇത്ര സംശയം.." കോഴിയമ്മയും മക്കളും മുളംകമ്പിൽ കയറിയപ്പോൾ കിട്ടുപ്പട്ടി ഇരുട്ടിൽ ഒളിച്ചു. ഒരു മൂളിപ്പാട്ടും പാടി അതാ വരുന്നു പാണ്ടിക്കുറുക്കൻ. പാണ്ടിയെ കണ്ടപ്പോൾ കോഴിയമ്മയും മക്കളും നിലവിളിച്ചു. ബ്രേക്കിട്ടതുപോലെ പാണ്ടി നിന്നു... "ഓ... നിങ്ങളിവിടെയാണോ..

സ്ഥലം മാറി താമസിച്ചാലൊന്നും നിങ്ങൾക്ക് രക്ഷയില്ല മക്കളേ.. കോഴികൾ കുറുക്കനുള്ളതാ." അത്രയും പറഞ്ഞു പാണ്ടി ഒറ്റ ചാട്ടമായിരുന്നു. വല പൊട്ടി കിണറിലേക്കു വീണ പാണ്ടി നിലവിളിച്ചു: "അയ്യോ രക്ഷിക്കണേ!" "സഭാഷ്!" കോഴിയമ്മയും മക്കളും മുകളിലോട്ടു പറന്നു. കിണറിൽ വീണ പാണ്ടിയുടെ കരച്ചിലും പിടച്ചിലും ആരും കേട്ടില്ല. കിട്ടുപ്പട്ടി ചോദിച്ചു: "എങ്ങനെ എന്റെ ഐഡിയ.?" "സമ്മതിച്ചു. ഉഗ്രൻ..."

കോഴിയമ്മയും മക്കളും സന്തോഷത്തോടെ യാത്രയായി.

**കഥാസാരം**

റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിന് വേണ്ടി അവരാദ്യം ലഡാക്കിലേക്ക് പോയി. അവിടെ അവരെ സഹായിക്കാൻ കേണൽ പുട്ടിറ്റോയുണ്ടായിരുന്നു. പുട്ടിറ്റോ ഷെപ്പാറിന്റെ മാപ്പ് കാണിച്ചു കൊടുത്തു. അങ്ങനെ പൂച്ചപ്പോലീസും ശുനകും ഷെപ്പാറിലെത്തി. അവരെ ആരെക്കെയോ പിടിച്ചു കൊണ്ടുപോയി. ഷെപ്പാർ ഗ്രാമവാസികളെ ഭയന്ന് കഴിയുന്ന ജലാജികളായിരുന്നു അവർ. രണ്ടുപേർ വന്ന് കുട്ടിയെ തട്ടിപ്പോയെന്ന് അവർ പറഞ്ഞു. ജഗൻജിത്തും പ്രൊഫസർ പ്യാരീബാലുമാണതെന്ന് ജലാജികൾ ചിത്രം കണ്ട് തിരിച്ചറിഞ്ഞു. ആ ബാലികയെ നദീദേവന് ബലി നൽകാൻ പോവുകയാണെന്ന വിവരം അവർ അറിഞ്ഞു. അവളെ രക്ഷിക്കാൻ പൂച്ചപ്പോലീസും ശുനകും പുറപ്പെട്ടു. അപ്പോൾ ദൈവനിഷേധികളായ ജറൂലികൾ കുറച്ചപ്പുറത്ത് തമ്പടിക്കുന്നത് അവർ കണ്ടു. പ്രധാന സാധനങ്ങളുള്ള ബാഗ് പൂച്ചപ്പോലീസ് കബൂത്തറിന്റെ കൈയിൽ കൊടുത്തു. ശേഷം പൂച്ചപ്പോലീസും ശുനകും മുന്നോട്ട് നടന്നു. പെട്ടെന്ന് ജറൂലികൾ അവരെ തടഞ്ഞു.പൂച്ചപ്പോലീസിന്റെ ബാഗ് തട്ടിയെടുക്കാൻ ശ്രമിച്ചു. ഗിർ സാവിഞ്ചാദിനെ മല്ലയുദ്ധത്തിൽ തോൽപിച്ചാൽ മാത്രമേ ബാഗ് നിങ്ങൾക്ക് കിട്ടൂ എന്നവർ പറഞ്ഞു. ശുനകിനെ തോൽപിച്ച് അവർ സഞ്ചിയുമായി കടന്ന് കളഞ്ഞു. ക്ഷീണം കൊണ്ട് പൂച്ചപ്പോലീസും ശുനകും മരച്ചുവട്ടിൽ കിടന്ന് ഉറങ്ങിപ്പോയി. പെട്ടെന്ന് അവർക്ക് നേരെ ഒരമ്പ് പാഞ്ഞു വന്നു. അവരെ പിടികൂടി മൂപ്പന്റെ അടുക്കലെത്തിച്ചു. തട്ടിക്കൊണ്ടു പോകാനാണോ നിങ്ങളിവിടെയെത്തിയതെന്ന് മൂപ്പൻ ചോദിച്ചു.

നീതി ആയോഗ് നിലവിൽവന്നത്– 2015 ജനുവരി ഒന്നിന്